[ശ്രീ. ആർ. ശങ്കർ]

ലക്ഷദ്വീപിലും മറ്റും പെട്ടവരാണു്. ലക്ഷദ്വീപിലെ അഡ്മിനിസ്ട്രേറ്റർ ഈ സംഗതിയെസംബന്ധിച്ചു് യൂണിവേഴ്സിറ്റി വൈസ്ചാൻസലറുമായി ആലോചന നടത്തുകയും, ആ കുട്ടികളെ എടുക്കുന്നതിൽ വിരോധമില്ലെന്നു യൂണിവേഴ്സിറ്റി സമ്മതിക്കുകയും ചെയ്തു. മറ്റു കുട്ടികൾക്കും ഏതാണ്ടു് ഇത്തരത്തിലുള്ള ഒരു മാനദണ്ഡം അതായതു് 45 ശതമാനം മാർക്കു് ഫിസിക്സു്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്കുണ്ടായിരിക്കുകയും, 5 ശതമാനം മാർക്കിന്റെ റിലാക്സേഷൻ ഷെഡ്യൂൾ കാസ്റ്റ്സിനും, ട്രൈബ്സിനും കൊടുക്കുകയും ചെയ്യുന്ന വ്യവസ്ഥ യൂണിവേഴ്സിറ്റി സിൻഡിക്കറ്റു് സ്വീകരിക്കുകയും അതനുസരിച്ചു് മാർക്കും കിട്ടിയവരെയെല്ലാം പരീക്ഷയ്ക്കിരിക്കാൻ അനുവദിക്കുകയും ചെയ്തിരിക്കുകയാണു്. ഈ കണക്കനുസരിച്ചു നോക്കിയാൽ വേണ്ടിടത്തോളം മാർക്കും കിട്ടിയിട്ടില്ലാത്ത 11 കുട്ടികൾ അവിടെയുണ്ടു്. ഈ 11 കുട്ടികളിൽ 7 പേർ മുറയനുസരിച്ചു് ആദ്യം ചേന്ന 40 പേരിൽ പെട്ടും. 4 പേർ പിന്നീടു ചേർന്ന 6 പേരിൽ പെട്ടും. ഇതാണു് ഇപ്പോഴത്തെ നില. ഇതിനെപ്പറ്റി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഇപ്പോഴും ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അവസാനമായി തീരുമാനമെടുത്തോയെന്ന നിശ്ചയമില്ല. ആ തീരുമാനമെടുക്കേണ്ടതു് യൂണിവേഴ്സിറ്റിയാണു്. ഇതുസംബന്ധിച്ചു് ഇവിടെ കിട്ടിയിട്ടുള്ള വിവരങ്ങളും നിയമസഭാ മെംബറന്മാർക്കുള്ള ആശങ്കകളും എന്താണെന്നു് യൂണിവേഴ്സിറ്റിയെ അറിയിച്ചിട്ടുണ്ടു്.

Point of Information.

Shri P. Narayanan Thampi : Sir, I would like to have som information from the Chair.

രണ്ടുമൂന്നു ദിവസംമുമ്പു് ഇവിടത്തെ ചർച്ചാവേളകളിൽ ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസിനെപ്പറ്റി ചില കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. ഇന്നലത്തെ ഒരു ദിനപ്പത്രത്തിൽ ഇങ്ങനെ ഒരു വർത്തമാനം കാണുന്നു. ''തിരുവനന്തപുരം, മാർച്ചു് 9. ഐ. ജി. ശ്രീ. വി. പി. നായർ പലരോടും ശുപാ കടം വാങ്ങിയെന്ന നിയമസഭയിൽ ചെയ്ത പരാമർശങ്ങളെ നിഷേധിച്ചുകൊണ്ടു് കടം കൊടുത്തു എന്നു് പറയപ്പെടുന്നവർ സ്പീക്കർക്കു് കത്തയച്ചിട്ടുള്ളതായി അറിയുന്നു''. ഇങ്ങനെ പത്രത്തിൽ വാർത്ത കാണുന്നു. അങ്ങേയ്ക്കു ഇതിനെപ്പറ്റി എന്തെങ്കിലും ഈ സഭയെ അറിയിക്കുവാനുണ്ടോ എന്നു വിനീതമായി ചോദിച്ചുകൊള്ളുന്നു.

Mr. Speaker : It is not a matter to raise a discussion.

ശ്രീ. പി. നാരായണൻ തമ്പി : ബഹുമാനപ്പെട്ട സ്പീക്കറിൽനിന്നു വിവരങ്ങൾ അറിയുന്നതിലേക്കു് ആണു് ഞാൻ ഈ കാര്യം ഉന്നയിച്ചതു്.

Mr. Speaker : It is not a matter to raise a discussion. Some papers reported something and the Chair as such is not bound to place the information before the House.

ശ്രീ പി. നാരായണൻ തമ്പി : അറിയിക്കണമെന്നു് ആവശ്യപ്പെടുകയല്ല ആ വിവരം ശരിയാണോ അല്ലയോ എന്നു അറിയാനാണു് ആഗ്രഹിക്കുന്നതു്.

Mr. Speaker : It I have received any letter, if necessary, I will pass it over to the Government.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ ഒരു അലിഗേഷൻ വന്നു. അപ്പോൾ അതിന്റെ തെളിവു് ഹാജരാക്കണമെന്നു് അങ്ങു് പറയുകയും ചെയ്തു. അങ്ങനെ തെളിവു് ഹാജരാക്കിയിട്ടുണ്ടോ എന്നു് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ഈ. പി. ഗോപാലൻ : തെളിവു് ഹാജരാക്കണമെന്നു് അങ്ങു് പറഞ്ഞിട്ടില്ല. മുൻകൂട്ടി രൂപ്രകാരം എഴുതിക്കൊടുക്കണമെന്നാണു് പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Mr. Thampi knows the rules very well, it is not a matter for discussion here. While discussion was going on the charges were levelled.

ശ്രീ. എൻ. ഇ. ബലറാം : ഐ. ജി. യെപ്പറ്റി കൊടുക്കാമെന്നു പറഞ്ഞു് കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. നാരായണൻ തമ്പി : സർ, അതു് ഒരു ഇൻസിനുവേഷൻ ആണു്. ഞാൻ പറഞ്ഞതു്, ബഹുമാനപ്പെട്ട സ്പീക്കർക്കു് ഒറോർ അയച്ചതായി കാണുന്നു എന്നും, അതു ശരിയാണോ അല്ലയോ എന്നു് അറിയാൻ ആഗ്രഹമുണ്ടെന്നുമാണു്, ഉൾസു് ആഫ് പ്രൊസീഡ്യർ അനുസരിച്ചു് അങ്ങേയ്ക്കു കിട്ടുന്ന അറിവു് സഭയെ അറിയിക്കാമെന്നുണ്ടു്.

Mr. Speaker : But the Speaker should not be drawn into discussion on such matters. If I have received any letter, according to the rules, I have to pass it on to Government.

PRESENTATION OF REPORT

Committee on Private Members' Bills and Resolutions—Fourth Report

Mr. Speaker : I call upon Shri K. V. Narayanan, Chairman, Committee on Private Members' Bills and Resolutions to present the Fourth Report in 1964 of the Committee on Private Members' Blils and Resolutions.

Shri K. V. Narayanan : Sir, I, Chairman, Committee on Private Members' Bills and Resolutions present the Fourth Report in 1964 of the Committee on Private Members' Bills and Resolutions.

Shri Antony D'Cruz : Sir, a reply is due to my notice under Rule 61.

Mr. Speaker : That will be given tomorrow.

FINANCIAL BUSINESS

Voting on Demands for Grants on the Budget for 1964-65 (*contd.*)

Demand XXVII—Industries

Minister for Industries **(Shri K. A. Damodara Menon) :**

Sir, I move that Government be granted a sum of Rs. 1,38,19200 under Demand XXVII—Industries.

Shri E. P. Poulose : Sir, I second it.

Demand XLV—Capital Outlay on Co-operatives and Industrial Development

Minister for Industries **(Shri K. A. Damodara Menon):**

Sir, I move that Government be granted a sum of Rs. 3,93,05,400 under Demand XLV—Capital outlay on Co-operatives and Industrial Development

LIBRARY ARCHIVES Kerala Legislative Assembly